**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5039** **20-07-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമ പഞ്ചായത്തിലെ അട്ടുപ്പിൽ എസ്.സി. കോളനിയിൽ 2019-ലെ ഉരുൾപ്പൊട്ടലിൽ വാസസ്ഥലം നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുരയിടം അനുവദിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ പൂർണമായും ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ? | (എ) | ഭൂ രഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഡ്യൂട്ടി ഇനത്തിലും ഇളവ് നൽകി 25-06-2022 തീയ്യതിയിലെ G.O(P)No. 72/2022/Taxes SRO No. 634/22 & G.O(P)No. 71/2022/Taxes SRO No. 633/22 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വടകര താലൂക്കിലെ വാണിമേൽ പഞ്ചായത്തിലെ അട്ടുപ്പിൽ എസ്.സി. കോളനി നിവാസികളുടെ പുനരധിവാസത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധന സഹായം ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീയും ഒഴിവാകുന്നതാണ്. |

സെക്ഷൻ ഓഫീസർ